➩ *ഉത്തരാഖണ്ഡിൽ നിയമലംഘനം സർവ്വസാധാരണമായിരിക്കുന്നു* ➩

## ഉത്തരാഖണ്ഡ്:

# ദുരന്തത്തിന്റെ പ്രതികൾ അണക്കെട്ടുകളും ടൂറിസവും

അണക്കെട്ടുകളും ടൂറിസവും നടത്തുന്ന നിയമലംഘനങ്ങൾ സർവ്വസാധാരണമായതിന്റെയും ഹിമാലയ സാനുക്കളിലെ വനങ്ങളും പുഴകളും മൃതിയടയുന്നതിന്റെയും സർക്കാർ സംവിധാനങ്ങൾ അഴിമതിയിൽ മുങ്ങുന്നതിന്റെയും ആകെത്തുകയാണ് ഉത്തരാഖണ്ഡ് ദുരന്തം.

**ഹിമാംശു താകൂർ**

**ഹിമാലയൻ** മലനിരകളും കാടും നദികളും നീരുറവകളുമൊക്കെ ഉൾപ്പെടുന്ന, 38,000 ചതുരശ്ര കിലോമീറ്ററിലധികം വരുന്ന ഒരു  മേഖലയിലുണ്ടാകുന്ന പ്രകൃതി ദുരന്തം തീർച്ചയായും സങ്കീർണ്ണമാകാനേ തരമുള്ളു. പലപ്പോഴും പ്രകൃതി ദുരന്തവും അതിന്റെ തുടർഫലങ്ങളുമെല്ലാം ഒന്നിലധികം സംഗതികൾ ഒരുമിച്ച് സംജാതമാകുന്നതുകൊണ്ടാണ് സംഭവിക്കാറുള്ളത്. ഉത്തരാഖണ്ഡ് ദുരന്തം അത്തരത്തിലുള്ള ഒന്നാണ്. മനുഷ്യോൽപ്പത്തി ശാസ്ത്രവുമായി ബന്ധപ്പെട്ട കാരണങ്ങളിലേക്കാണ് ഈ ദുരന്തം  വെളിച്ചം വീശുന്നത്. ദുരന്തത്തിന്റെ പരിണതഫലങ്ങൾ പതിന്മടങ്ങാകാനുണ്ടായ ഹേതുക്കൾ അവയാണ്. ഉത്തരാഖണ്ഡ് ഏറെ ദുർബലമായ ഒരു പുതിയ സംസ്ഥാനമാണ്. അധിക വർഷപാതം, മേഘസ്ഫോടനം, ഭൂചലനം, ധ്രുതവെള്ളപ്പാച്ചിൽ തുടങ്ങിയ നിരവധി പ്രകൃതിദുരന്തങ്ങൾക്ക് സാദ്ധ്യതയുള്ള സ്ഥലമാണത്. ഏറെ ന്യൂനതകളുള്ള ഭൂമിശാസ്ത്രമാണ് ഉത്തരാഖണ്ഡിന്റേത്. മിന്നൽ പ്രളയങ്ങൾക്കും മേഘസ്ഫോടനങ്ങൾക്കും കാരണമാകുന്ന കാലാവസ്ഥ വ്യതിയാനം, അധിവർഷത്തെയും ഭൂചലനത്തെയും ഇളക്കിവിടുന്നു. പിത്തോർഗഡിലും, ഹേമകുണ്ഡ് സാഹിബ്ബ്, കേദാർനാഥ് എന്നിവയ്ക്കു മേലുള്ള പ്രദേശങ്ങളിലും ഇപ്പോഴുണ്ടായ ദുരന്തത്തിനുകാരണവും ഇവതന്നെയാണ്. ഈയൊരു സാഹചര്യത്തിൽ, നമ്മുടെ എല്ലാ വികസന പ്രവർത്തനങ്ങളും ഈ യാഥാർത്ഥ്യത്തെ അംഗീകരിക്കുകയും അപകട സാദ്ധ്യതകൾ കുറയ്ക്കുന്നതിനുള്ള കരുതലുകൾ എടുക്കുകയും ചെയ്യണം.

മഴ സാധാരണ അളവിലായിട്ടുപോലും നദികൾക്കരികിലുള്ള, നിയമങ്ങളെല്ലാം കാറ്റിൽ പറത്തുന്ന, ബുദ്ധിശൂന്യമായ നിർമ്മാണങ്ങളും മനുഷ്യസഞ്ചാരവും സ്വതവേ ദുർബലമായ മേഖലകളിലെ അനിയന്ത്രിതമായ ജലവൈദ്യുത പദ്ധതികളുടെ ആധിക്യവും ദുരന്തത്തിന്റെ ആക്കം കൂട്ടി. ഉത്തരാഖണ്ഡിൽ നിയമലംഘനം സർവ്വസാധാരണമായിമാറിയിരിക്കുന്നു. എന്നാൽ പ്രകൃതി ഒരിക്കലും കൈക്കൂലിക്ക് വഴങ്ങില്ല എന്നതിന്റെ തെളിവാണ് ഈ ദുരന്തം. ദുരന്ത നിവാരണത്തിലെ പ്രാഥമിക തത്വമായ മുന്നറിയി

ഡാം, റിവേഴ്സ്, പീപ്പിൾ മാസികയുടെ എഡിറ്ററാണ് ഹിമാംശു താക്കൂർ.
പരിഭാഷ: അജിതൻ



വെള്ളം നിറഞ്ഞതിനെത്തുടർന്ന് ഉത്തരാഖണ്ഡിലെ ശ്രീനഗർ ഡാം തുറന്നുവിട്ടപ്പോൾ

മേഘസ്ഫോടനത്തെ മണിക്കൂറുകൾക്ക് മുൻപ് പ്രവചിക്കാനാകുന്ന ഡോപ്ളർ റഡാർ സിസ്റ്റം സ്ഥാപിക്കുന്നതിൽ പോലും അധികൃതർ പരാജയപ്പെട്ടു. ഉത്തരാഖണ്ഡിന് വേണ്ടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായം 2008ൽ തന്നെ പാസ്സാക്കിയിരുന്നതാണ്. എന്നാൽ സർക്കാരും കേന്ദ്ര കാലാവസ്ഥാ വകുപ്പും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും തമ്മിലുള്ള ഏകോപനരാഹിത്യം മൂലം പദ്ധതി ഇനിയും തുടങ്ങയിട്ടില്ല

പ്പു നൽകൽ തന്നെ ഇവിടെ പരാജയപ്പെട്ടു. മേഘസ്ഫോടനത്തെ മണിക്കൂറുകൾക്ക് മുൻപ് പ്രവചിക്കാനാകുന്ന ഡോപ്ളർ റഡാർ സിസ്റ്റം സ്ഥാപിക്കുന്നതിൽ പോലും അധികൃതർ പരാജയപ്പെട്ടെന്നാണ് കാര്യങ്ങൾ വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്. ഉത്തരാഖണ്ഡിന് വേണ്ടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായം 2008ൽ തന്നെ പാസ്സാക്കിയിരുന്നതാണ്. എന്നാൽ സർക്കാരും കേന്ദ്ര കാലാവസ്ഥാ വകുപ്പും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയും തമ്മിലുള്ള ഏകോപനരാഹിത്യം മൂലം പദ്ധതി ഇനിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഉത്തരാഖണ്ഡ് കാലാവസ്ഥാവകുപ്പ്, ജൂൺ 15,16,17 തീയതികളിൽ ഉണ്ടാകാനിരിക്കുന്ന അധിക മഴപ്പെയ്ത്തിനെക്കുറിച്ച് ആശങ്കപ്പെട്ടിരുന്നതാണ്. നാലുദിവസത്തേക്ക് ചതുർധാം യാത്രകൾ (ഗംഗോത്രി, യമുനോത്രി, കേദാർനാഥ്, ബദരിനാഥ്) മാറ്റിവയ്ക്കണമെന്ന് തീർത്ഥാടകരോട് നിർദ്ദേശിച്ചിരുന്നതുമാണ്. പക്ഷേ ഉത്തരാഖണ്ഡ് ഭരണാധികാരികൾ ഈ മുന്നറിയിപ്പിനോട് പ്രതികരിച്ചതേയില്ല. മുൻകരുതലുകളെടുക്കേണ്ട കാലാവസ്ഥ പ്രവചനമൊന്നുമുണ്ടായിരുന്നില്ല എന്നാണ് ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പിന്നീടു പറഞ്ഞത്. മഴ ആരംഭിച്ചതിനു ശേഷവും അധികാരികളുടെ ഭാഗത്തുനിന്ന് കൃത്യമായ നിരീക്ഷണവും താഴേതട്ടുകളിലേക്കുള്ള ആശയവിനിമയവും നടന്നിട്ടില്ല. ദുരന്തത്തിന്റെ കേന്ദ്രമായ കേദാർനാഥിൽ വർഷമാപിനി പോലും ഉണ്ടായിരുന്നില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. വെള്ളപ്പൊക്ക പ്രവചനത്തിനുള്ള ഇന്ത്യയിലെ ഉന്നതമായ സാങ്കേതിക ഏജൻസിയാണ് കേന്ദ്ര ജല കമ്മീഷൻ (സി.ഡബ്ല്യു.സി). എന്നാൽ ഉത്തരാഖണ്ഡിലുണ്ടായ വെള്ളപ്പൊക്കത്തെ മുൻകൂട്ടിക്കാണുന്നതിന് സി.ഡബ്ല്യു.സി അമ്പേ പരാജയപ്പെട്ടു. ശ്രീനഗറിൽ ഒരു മുന്നറിപ്പുകേന്ദ്രം ഉണ്ടായിരുന്നിട്ടും, ശ്രീനഗറിലെ നൂറ് കണക്കിന് വീടുകൾ വർഷപാതത്തെത്തുടർന്ന് വെള്ളത്തിനടിയിലായിരുന്നിട്ടും ജൂൺ 17ലെ ജലപാതത്തെ മുൻകൂട്ടി ഗണിക്കുന്നതിൽ അവർ പരാജയപ്പെട്ടു.

മാർച്ച് 2013 ലെ സി.എ.ജി റിപ്പോർട്ട് പറയുന്നതുപോലെ, ഉത്തരാഖണ്ഡ് ദുരന്ത നിവാരണ സമിതി മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഒരിക്കലും യോഗം ചേരുകയുണ്ടായിട്ടില്ല. ദുരന്തനിവാരണത്തിനായി നിയമങ്ങളോ, നയങ്ങളോ, നിയന്ത്രണങ്ങളോ ഒന്നും സംസ്ഥാനത്തിലില്ലെന്നർത്ഥം. ദുരന്തത്തിന്റെ വ്യാപ്തി കുറയ്ക്കാവുന്ന മുന്നറിയിപ്പ്, കാലാവസ്ഥാ നിരീക്ഷണം, ആശയവിനിമയം തുടങ്ങിയവയിലെ പ്രാഥമിക കാര്യങ്ങൾ പോലും നടപ്പിലാക്കാൻ ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ലെന്ന് ഇത് വ്യക്തമാക്കുന്നു.

2000ൽ ഉത്തരാഖണ്ഡ് സംസ്ഥാനം രൂപീകൃതമായതിനുശേഷം ഖനനം, ജലവൈദ്യുത പദ്ധതികൾ, റോഡുകൾ, കെട്ടിട നിർമ്മാണം, വിനോദസഞ്ചാരം എന്നീ രംഗങ്ങളിൽ വലിയ തോതിലുള്ള വളർച്ചയാണ് സംസ്ഥാനത്തിലുണ്ടായിട്ടുള്ളത്. പക്ഷെ



സ്വാമി നിഗമാനന്ദ ഉപവാസ സമരത്തിൽ

നദീതടങ്ങളിൽ നിയമരഹിതമായ മണൽ ഖനനത്തിന്റെ തോത് വളരെ കൂടുതലായിരുന്നു. ഇത് തടയാനുള്ള ഉപവാസ സമരത്തെത്തുടർന്നാണ് സ്വാമി നിഗമാനന്ദ ജീവൻ വെടിഞ്ഞത്

ആപത്കരമായ പാരിസ്ഥിതിക സാഹചര്യങ്ങളെക്കുറിച്ചുള്ള സൂചനകളെല്ലാം അവർ കുറ്റകരമാംവിധം അവഗണിച്ചു. നദീതടങ്ങളിൽ നിയമരഹിതമായ മണൽ ഖനനത്തിന്റെ തോത് വളരെയധികമായിരുന്നു. ഇതിന് കടിഞ്ഞാണിടാനുള്ള ഉപവാസ സമരത്തെത്തുടർന്നാണ് സ്വാമി നിഗമാനന്ദയ്ക്ക് ജീവൻ വെടിയേണ്ടിവന്നത്. നദികളുടെ കരകളിൽനിന്നും നൂറുമീറ്റർ ദൂരത്തിൽ മാത്രമെ നിർമ്മാണ പ്രവർത്തനങ്ങൾ പാടുള്ളൂവെന്ന് വ്യക്തമായ കോടതി നിർദ്ദേശമുണ്ടെങ്കിലും ഒരാളും ഇതു പാലിക്കുന്നില്ല. നദികളുടെ തൊട്ടടുത്തുതന്നെ നൂറുകണക്കിന് ബഹുനില കെട്ടിടങ്ങളാണ് ഉയർന്നു വരുന്നത്. സർക്കാർ മന്ദിരങ്ങൾ വരെ ഇങ്ങനെ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. സശസ്ത്ര സീമാബലിന്റെ കാര്യാലയവും വിനോദസഞ്ചാര കോർപ്പറേഷന്റെ വൻ ഹോട്ടൽ സമുച്ചയങ്ങളും അതിന് ദൃഷ്ടാന്തങ്ങളാണ്.

ഈ ജൂൺമാസത്തിൽ നാം ടി.വി ചാനലുകളിൽ കണ്ടതുപോലെ കഴിഞ്ഞ വർഷം ആഗസ്റ്റ് 3, 4 തീയതികളിലും ഉത്തരകാശിയിലെ ഭാഗീരഥി നദിക്കരയിൽ കെട്ടിടങ്ങൾ കാർഡ്ബോർഡ് പെട്ടികൾ പോലെ തകർന്നു വീണിട്ടുണ്ട്. ഇതിനെ തുടർന്നും 2012 സെപ്തംബറിൽ രുദ്രപ്രയാഗ് ജില്ലയിലെ ഉഖിമത്തിലുണ്ടായ ദുരന്തത്തിനുശേഷവും സംസ്ഥാന ദുരന്ത നിവാരണ കേന്ദ്രം ചില ശുപാർശകൾ മുന്നോട്ടുവച്ചിരുന്നു. പക്ഷെ അതൊന്നും ആരും ഗൗനിച്ചതേയില്ല. നിരവധി റോഡുകളാണ് കഴിഞ്ഞ ഒരു ദശാബ്ധത്തിനിടയിൽ ഉത്തരഖണ്ഡിലെമ്പാടും നിർമ്മിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്തത്. എല്ലാ നിയന്ത്രണങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ടും മണ്ണിടിച്ചിലിന്റെ ഭീഷണികളെ പൂർണ്ണമായും അവഗണിച്ചുകൊണ്ടുമായിരുന്നു ഇതെല്ലാം നടന്നത്. റോഡ് നിർമ്മിക്കുന്നതിനായി നടത്തിയ വനനശീകരണവും, കരിങ്കൽ സ്ഫോടനങ്ങളും ദുരന്തത്തിന്റെ വ്യാപ്തി കൂട്ടി. വലിയ തോതിൽ വളർന്നുകൊണ്ടിരിക്കുന്ന വിനോദ സഞ്ചാരവും ദുരന്തനിവാരണത്തിന്റെ എല്ലാ മാനദണ്ഡങ്ങളെയും തീർത്തും അവഗണിച്ചു.

ഇരുനൂറിലധികം അണക്കെട്ടുകളാണ് ദുരന്തമുണ്ടായ ഈ മേഖലയിലുള്ളത്. നിർമ്മാണം പൂർത്തിയായവയും നടക്കുന്നവയും കടലാസിൽ അനുമതി കാത്തിരിക്കുന്നവയും അതിൽ ഉൾപ്പെടും. പാരിസ്ഥിതികവും സാമൂഹ്യവുമായ ആഘാതങ്ങൾക്കൊപ്പം തന്നെ ദുരന്തസാധ്യതകളും ഈ പദ്ധതികൾ ക്ഷണിച്ചുവരുത്തുന്നു. 25 മെഗാവാട്ടിന് താഴെ ശേഷിയുള്ള ഡാമുകൾക്കൊന്നും ആഘാത പഠനങ്ങളോ നിയന്ത്രണ സംവിധാനങ്ങളോ വേണ്ടതില്ല. 25 മെഗാവാട്ടിന് മുകളിലുള്ളവ പോലും സത്യസന്ധമായ പാരിസ്ഥിതിക ആഘാത പഠനങ്ങൾ നടത്താതെയാണ് നിർമ്മിക്കുന്നതെന്ന് മുൻ പരിസ്ഥിതി കേന്ദ്രമന്ത്രി ജയറാം രമേശ് വരെ തുറന്ന് പറഞ്ഞിട്ടുണ്ട്. പദ്ധതി നടത്തിപ്പുകളിലെ ക്രമക്കേടുകൾ സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ട് പോലും തിരുത്തൽ നടപടികളെടുക്കുന്നതിൽ അവർ പതിവായി പരാജയപ്പെടുന്നു. അണക്കെട്ടുകളും റോഡുകളും ടൗൺഷിപ്പുകളും തുരങ്കങ്ങളും എല്ലാം ഈവിധമാണ് നിർമ്മിക്കപ്പെടുന്നത്. ഇതെല്ലാം സംസ്ഥാനത്തെ ദുരന്തസാധ്യതകൾ പതിന്മടങ്ങ് വർദ്ധിപ്പിച്ചു. ഉദാഹരണമായി, അളകനന്ദാ നദിക്ക് കുറുകെ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന 330 മെഗാവാട്ട് ശ്രീനഗർ ജലവൈദ്യുത പദ്ധതി ഏകദേശം അരമില്യൺ ക്യുബിക് മീറ്ററിലധികം ചെളിനിറഞ്ഞ മാലിന്യമാണ് അളകനന്ദ നദിത്തടത്തിൽ കൊണ്ടുത്തള്ളിയത്. ജൂൺ 17–ാം തീയതി രാത്രി ഈ മാലിന്യമത്രയും നദി ശ്രീനഗർ നരഗത്തിലേക്കെടുത്തെറിഞ്ഞു. മൂന്നുനില കെട്ടിടങ്ങൾപോലും അങ്ങനെ ചെളിക്കടിയിൽ പുതഞ്ഞു

## അണക്കെട്ടുകൾ ദുരന്തവ്യാപ്തി കൂട്ടിയതെങ്ങനെ?

● ഉത്തരാഖണ്ഡിലെ ഒട്ടുമിക്ക ജലവൈദ്യുത പദ്ധതികളും കാട് വെട്ടിവെളുപ്പിച്ചുണ്ടാക്കിയവയാണ്. വനനശീകരണം മണ്ണൊലിപ്പിനും ഭൂചലനത്തിനും കാരണമാകുന്നു. വെള്ളം നേരെ പുഴയിലേക്ക് കുത്തിയൊലിക്കുന്നതുകൊണ്ട് വെള്ളപ്പൊക്കവുമുണ്ടാകുന്നു.

● കാട് നശിപ്പിക്കുന്നതിന് പകരം വച്ചുപിടിപ്പിക്കുന്നത് തേക്ക്, പൈൻ തുടങ്ങിയ വാണിജ്യ സാധ്യതയുള്ള വൃക്ഷങ്ങളാണ്. ഓക്കുപോലെ വീതിയുള്ള ഇലകളുള്ള മരങ്ങളല്ലാത്തതിനാൽ മണ്ണിന്റെ വളക്കൂറില്ലാതാകുകയും കുറ്റിച്ചെടികളെ അവ അകറ്റി നിർത്തുകയും ചെയ്യുന്നു.

● എല്ലാ ജലവൈദ്യുത പദ്ധതികളും ഡാം നിർമ്മാണവും പുഴയുടെ വഴിതിരിച്ചുവിടലും ചെളിയടിയലുമെല്ലാം ഉൾച്ചേരുന്നവയാണ്. കൂടാതെ റോഡുകൾ, ടൗൺഷിപ്പുകൾ, ഖനനം, മൂന്നു തീവണ്ടികൾ അടുത്തടുത്ത് കടന്നുപോകത്തക്ക വീതിയിൽ 5 മുതൽ 30 കിലോമീറ്റർ വരെ നീളമുള്ള തുരങ്കങ്ങളും പദ്ധതികളുടെ ഭാഗമായി നിർമ്മിക്കപ്പെടുന്നു.

● ഡാം നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾക്കായി നടത്തുന്ന ഖനനവും ഭൂചലനത്തിന് കാരണമായിട്ടുണ്ട്. 2012 സെപ്റ്റംബറിലെ ഉഖിമത്ത് ദുരന്തത്തിനുശേഷം സംസ്ഥാനത്തൊരിടത്തും പാറപൊട്ടിക്കാൻ പാടില്ലെന്ന ഉത്തരാഖണ്ഡ് ദുരന്തനിവാരണ കേന്ദ്രത്തിന്റെ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

● ഓരോ പദ്ധതിയും, തുരങ്ക നിർമ്മാണത്തിന്റെയും ഖനനത്തിന്റെയും ഭാഗമായി വലിയ തോതിൽ അവശിഷ്ടങ്ങളുണ്ടാക്കുന്നു. വ്യക്തമായ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നിഷ്കർഷിക്കപ്പെടുന്നുണ്ടെങ്കിലും അതൊന്നും നടപ്പാക്കാറില്ല.

● ജലവൈദ്യുത പദ്ധതികളുടെ അശാസ്ത്രീയമായ പ്രവർത്തനങ്ങളും ദുരന്തത്തിന് കാരണമായി. ഉദാഹരണത്തിന്, അളകനന്ദാ നദിയിലെ 400 മെഗാവാട്ട് ശേഷിയുള്ള വിഷ്ണുപ്രയാഗ് പദ്ധതി പ്രദേശത്ത് വെള്ളം വന്നു നിറഞ്ഞിട്ടും അധികൃതർ ഷട്ടറുകൾ ഉയർത്താൻ തയ്യാറായില്ല. കൂടുതൽ ഊർജ്ജോത്പാദനമായിരിക്കാം ഉദ്ദേശം. അതിനാൽ ഡാമിനുള്ളിൽ ഭീമാമായതോതിൽ കരിങ്കൽക്കഷ്ണങ്ങൾ വന്നു നിറയുകയും വെള്ളമൊഴുകാനുള്ള സാദ്ധ്യത കുറയുകയും ചെയ്തു. നദി ഡാമിനെ ഒഴിവാക്കി, പാർശ്വങ്ങളിലൂടെ ഒഴുകി പുതിയ വഴികണ്ടെത്തി. മിന്നൽ വെള്ളപ്പൊക്കമുണ്ടാകാൻ ഇത് കാരണമായി.

**– ഹിമാംശു താക്കൂർ**

പോയി. നദികളിലെ നിയമവിരുദ്ധമായ മാലിന്യനിക്ഷേപത്തെക്കുറിച്ച് പലതവണ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും ഒരു നടപടിയുമുണ്ടായില്ല. ഇതേ പ്രതിഭാസം തന്നെയാണ് രുദ്രപ്രയാഗ് ജില്ലയിൽ, ഫാതാ ബ്യുങ്, സിങ്കോളി ഭട്വാരി ജലവൈദ്യുത പദ്ധതികൾ വഴി മന്ദാകിനി നദിയിലുമുണ്ടായത്.

തെഹ്‌രി അണക്കെട്ടാണ് ഹരിദ്വാറിനെയും ഋഷികേശിനേയും രക്ഷിച്ചുനിർത്തിയതെന്ന പൊള്ളയായ വാദം നിരത്തിയാണ് കേന്ദ്ര സംസ്ഥാന ജല ഏജൻസികൾ ഇത്തരം വിമർശനങ്ങളെ ഇപ്പോൾ നേരിടുന്നത്. അടിസ്ഥാനരഹിതമായ അവകാശവാദമാണത്. ഭാഗീരഥിയിലും അളകനന്ദയിലും പല സമയത്താണ് വെള്ളമുയർന്നത് എന്നതിനാൽ തെഹ്‌രി അണക്കെട്ടുണ്ടായിരുന്നില്ലെങ്കിൽ വെള്ളപ്പൊക്കത്തിന്റെ വ്യാപ്തി ഇത്രയും കൂടില്ലായിരുന്നു എന്ന് ഞങ്ങളുടെ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ഡാമുകൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ ഗുരുതരമായ ചില തെറ്റുകൾ പറ്റിയെന്ന് നാം സമ്മതിച്ചേമതിയാകൂ. പുനരുദ്ധാരണത്തിനും പുനർനിർമ്മിതിക്കുമൊക്കെ ഉത്തരാഖണ്ഡ് തിരിയുന്നതിന് മുൻപ് ഈ തെറ്റുകൾ അംഗീകരിക്കുകയും തിരുത്തുകയും വേണം. ആദ്യമായി, നദീതടങ്ങളുടെ നിലവിലെ സ്ഥിതിയും വഹനശേഷിയും വിലയിരുത്തി നിയുക്ത പദ്ധതികൾ നിർത്തിവയ്ക്കണം. കാര്യക്ഷമമായ ദുരന്തനിവാരണ വകുപ്പ് രൂപീകരിച്ച് വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള തീരുമാനങ്ങളെടുക്കുന്നതിൽ അവരെയും ഉൾപ്പെടുത്തണം. പാരിസ്ഥിതിക ഭരണനിർവ്വഹണം കുറ്റമറ്റതാക്കണം. കാലാവസ്ഥാ വ്യതിയാനം ജനങ്ങൾക്കും നിർമ്മാണപ്രവർത്തനങ്ങൾക്കും സൃഷ്ടിക്കുന്ന ആഘാതം കണക്കാക്കണം. കാലാവസ്ഥാ പ്രവചനത്തിനും നിരീക്ഷണത്തിനും ആശയവിനിമയത്തിനും ക്രിയാത്മകമായ സംവിധാനങ്ങൾ നടപ്പിലാക്കണം. ചുരുങ്ങിയത് ഇത്രയെങ്കിലും സ്വീകരിച്ചില്ലെങ്കിൽ, വരാൻ പോകുന്ന ദുരന്തത്തിന്റെ ശക്തമായ ഒരു സൂചന മാത്രമായേ ഇപ്പോഴത്തെ സംഭവങ്ങളെ കണാൻകഴിയൂ. ■